# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ - 3994

31-01-2014-ൽ മറുപടിക്ക്

## വയനാട് ജില്ലയിലെ അക്ഷയ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) വയനാട് ജില്ലയിലെ അക്ഷയ പദ്ധതി നടത്തിപ്പിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ; | (എ) 2007-2008 സാമ്പത്തിക വർഷത്തിലാണ് അക്ഷയയുടെ പ്രാരംഭ പ്രവർത്തനങ്ങൾ വയനാട് ജില്ലയിൽ നടപ്പിലാക്കിയത്. വയനാട് ജില്ലയിൽ മൂന്ന് താലൂക്കുകളിലായി 67 അക്ഷയ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>അക്ഷയയുടെ പ്രാഥമിക ലക്ഷ്യം ഇ-സാക്ഷരതയായിരുന്നു. നല്ല നിലയിൽ വയനാട് ജില്ലയിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട സേവനങ്ങളായ ഇ - പേമെൻറ്, ഇ-ഫയലിംഗ് , ഇ ടിക്കറ്റിംഗ്, സ്പാർക്ക് ട്രെയിനിംഗ് (ഗവ. ഉദ്യോഗസ്ഥർക്കുള്ള പേ റോൾ സംവിധാനം കമ്പ്യൂട്ടർ വൽക്കരണം), ഇന്റൽ ലേൺ പ്രോഗ്രാം , മലയാളം കമ്പ്യൂട്ടിംഗ് എന്നിവ തുടർന്നും നടപ്പിലാക്കി വരുന്നു.<br><br>വയനാട് ജില്ലാ പഞ്ചായത്ത്, വിവിധ ഗ്രാമ പഞ്ചായത്തുകൾ എന്നിവയുടെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ഡാറ്റാ എൻട്രി വർക്കുകൾ ജില്ലയിൽ നടപ്പിലാക്കി.<br><br>എസ്.സി. എസ്.ടി, മറ്റ് പിന്നോക്ക വിഭാഗങ്ങളിൽ പ്പെട്ട വിദ്യാർത്ഥികളുടെ ഇ - ഗ്രാൻറ്സ് അപേക്ഷ അക്ഷയയിലൂടെ കഴിഞ്ഞ രണ്ട് വർഷങ്ങളായി നടപ്പിലാക്കുന്നു.<br><br>ജില്ലയിലെ മുഴുവൻ എസ്. ടി പ്രമോട്ടർമാർക്കും അക്ഷയ ബോധവൽക്കരണ സെമിനാർനടപ്പിലാക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കല്പറ്റ ബ്ലോക്കിലെ എസ്. ടി പ്രമോട്ടർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.<br><br>Department of Electronics and Accreditation & Computer Classes മുഖേനയുള്ള കോഴ്സ് ഓൺ കമ്പ്യൂട്ടർ കൺസെപ്റ്റ് 22 സംരംഭകർക്ക് പരിശീലനം നൽകി. 2010 ഏപ്രിൽ മാസം അക്ഷയ പദ്ധതികളുടെ പ്രചരണാർത്ഥം നടത്തിയ കലാജാഥയുടെ സംസ്ഥാനതല ഉദ്ഘാടനം വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിലാണ് നടത്തിയത്. |

അക്ഷയ ദിനാചരണം, സെമിനാർ, റോഡ്ഷോ എന്നിവയും നടത്തി.

ശബരിമല ദർശനത്തിനുള്ള ടോക്കൺ ഓൺ ലൈൻ രജിസ്ട്രേഷൻ അക്ഷയ വഴി നടപ്പിലാക്കുന്നു.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ചിയാക്ക് ആർ എസ് ബി വൈ രജിസ്ട്രേഷനും , ഫോട്ടോ എടുക്കലും സ്മാർട്ട് കാർഡ് പുതുക്കലും അക്ഷയയിലൂടെ നടപ്പിലാക്കിയിട്ടുണ്ട്. 2013 മാർച്ച് 31 ന് കാലാവധി കഴിയുന്ന എല്ലാ സ്മാർട്ട്കാർഡുകളുടെയും പുതുക്കിയ രജിസ്ട്രേഷൻ നടത്തുക വഴി 107423 കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾ പ്പെടുത്താൻ കഴിഞ്ഞു.

ഗ്രാൻറ് കേരള ഷോപ്പിംഗ് ഫെസ്റ്റ് വെലിനുള്ള കടകളുടെ ഓൺ ലൈൻ രജിസ്ട്രേഷൻ അക്ഷയയിലൂടെ നടപ്പിലാക്കി. യു.ഐ.ഡി ആധാർ എൻറോൾ മെൻറ് ജില്ലയിൽ നല്ല രീതിയിൽ നടപ്പിലാക്കി.

(ബി) നടപ്പ് സാമ്പത്തിക വർഷത്തെ (ബി ജില്ലയിലെ അക്ഷയ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

നടപ്പ് സാമ്പത്തിക വർഷത്തിൽ അക്ഷയയിലൂടെ മുമ്പ് നടപ്പിലാക്കിയിട്ടുള്ള എല്ലാ പദ്ധതികളും തുടർന്നും നടപ്പിലാക്കി വരുന്നു. കൂടാതെ ഇ-ഡിസ്ട്രിക്റ്റ് സംവിധാനം എല്ലാ അക്ഷയ സെൻററുകൾ വഴിയും നടപ്പാക്കുന്നുണ്ട്. ജില്ലയിൽ 14 പെർമനൻറ് സ്റ്റേഷനുകൾ യു.ഐ.ഡി എൻ റോൾ മെൻറിനായി പ്രവർത്തിക്കുന്നുണ്ട്.
7,55,391 ആധാർ നമ്പറുകൾ ഇതുവരെയായി സൃഷ്ടിക്ക പ്പെട്ടിട്ടുണ്ട്. ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ ജില്ലയിൽ നടപ്പിലാക്കുന്നതിന്റെ കോ ഓർഡിനേഷനും അക്ഷയ വഴി നടപ്പിലാക്കിയിട്ടുണ്ട്.

ഈ വർഷം 26694 സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് രജിസ്ട്രേഷൻ നടപ്പാക്കി. ലേബർ വെൽഫയർ ഡാറ്റാ എൻട്രി ജില്ലയിൽ നല്ല രീതിയിൽ നടപ്പിലാക്കി വരുന്നുണ്ട്. മോട്ടോർ വകുപ്പിന്റെ 19 സേവനങ്ങൾ മുഴുവൻ അക്ഷയ കേന്ദ്രങ്ങളിലും നടപ്പിലാക്കി വരുന്നു.

ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനിയുടെ സഹകരണത്തോടെ ജനറൽ ഇൻഷ്വറൻസ് മുഴുവൻ സംരംഭകരും ചെയ്യുന്നതിനുള്ള സംവിധാനവും അക്ഷയ വഴിനടപ്പിലാക്കിയിട്ടുണ്ട്.
ബാങ്കിംഗ് കിയോസ്ക് അക്ഷയയിലൂടെ നടപ്പാക്കുന്നുണ്ട്. മുഴുവൻ സംരഭകർക്കും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷം ജില്ലയിൽ പുതുതായി ആരംഭിച്ച അക്ഷയ കേന്ദ്രങ്ങൾ ഏതെല്ലാം എന്നതിന്റെ നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

(സി) ജില്ലയിൽ 62 അക്ഷയ കേന്ദ്രങ്ങളാണ് പ്രവർത്തിച്ച് വരുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 5 അക്ഷയ കേന്ദ്രങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. നാല് കേന്ദ്രങ്ങളിലേക്കുള്ള സംരംഭകരെ തെരഞ്ഞെടുക്കുന്ന പ്രവർത്തനം നടന്നു വരുന്നു.

ഈ സാമ്പത്തിക വർഷം ആരംഭിച്ച അക്ഷയ സെന്ററുകളുടെ സ്ഥിതി വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | അക്ഷയ സെൻറർ | പഞ്ചായത്ത് | ബ്ലോക്ക് | നിയോജക മണ്ഡലം |
|---|---|---|---|---|
| 1 | വീട്ടിമൂല | പുൽപ്പള്ളി | പനമരം | സുൽത്താൻ ബത്തേരി |
| 2 | എച്ചോം | പനമരം | പനമരം | മാനന്തവാടി |
| 3 | വരദൂർ | കണിയാമ്പറ്റ | പനമരം | കല്പറ്റ |
| 4 | മുട്ടിൽ 1 | മുട്ടിൽ | കല്പറ്റ | കല്പറ്റ |
| 5 | ചൂരൽമല | മേപ്പാടി | കല്പറ്റ | കല്പറ്റ |

സെക്ഷൻ ഓഫീസർ